**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6363** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണമടയുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി വകുപ്പിൽ നിലവിൽ ഇല്ലാത്തതിനാൽ ഇത് മൂലം ബുദ്ധിമുട്ട് നേരിടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (എ) | വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണമടയുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനാണെങ്കിൽ, ടി കുടുംബങ്ങൾക്ക് ഏകവരുമാനദായകൻ മരണപ്പെടുമ്പോൾ നൽകുന്ന ധനസഹായ പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ